# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.469

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബിയുടെ മസാല ബോണ്ടുകൾ

| ചോദ്യം<br>ശ്രീ. കെ.എസ്. ശബരീനാഥൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും കാനഡയിലും വിപണനം നടത്തിയ തീയതികൾ ലഭ്യമാക്കാമോ; | കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലും സിംഗപ്പൂർ സ്റ്റോക്ക് എക്സ്ചേഞ്ചിലും കാനഡയിലും വിപണനം ചെയ്തത് 25.03.2019 ന് ആണ്. |
| (ബി) കിഫ്ബിയുടെ മസാല ബോണ്ടുകളിൽ നിക്ഷേപിക്കുന്ന സ്ഥാപനങ്ങളുടെ പേരു വിവരങ്ങൾ പുറത്തു വിടരുതെന്ന് കിഫ്ബി കരാർ വ്യവസ്ഥയിൽ ഉടമ്പടിയുണ്ടോ;<br>(സി) പ്രസ്തുത മസാല ബോണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്ന പ്രധാനപ്പെട്ട വിദേശ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; എത്ര രൂപയുടെ നിക്ഷേപം ഓരോ സ്ഥാപനവും നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഇല്ല. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജർസ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ് , പ്രൈവറ്റ് വെൽത്ത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ ഉൾപ്പടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്.<br>ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനു ശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. |

സെക്ഷൻ ഓഫീസർ